(ബി) സ്ഥലം — 14-8-2003 വരെയുള്ള മഴയുടെ തോത്

തെന്മല	—	61.86 സെ.മീ.
ആര്യങ്കാവ്	—	64.86 സെ.മീ.
നാഗമല	—	69.57 സെ.മീ.
പൊൻമുടി	—	76.07 സെ.മീ.

തെന്മല, ആര്യങ്കാവ്, പൊൻമുടി എന്നിവിടങ്ങളിൽ റെയിൻഗേജുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ രൂക്ഷമായ കടലാക്രമണം

50 [1736] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിൽ കൂടെക്കൂടെ രൂക്ഷമായ കടലാക്രമണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീരദേശ സംരക്ഷണത്തിനായി എന്തെല്ലാം വർക്കുകളാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) തറയിൽകടവ് ഭാഗത്തെ കടൽഭിത്തി നിർമ്മാണത്തിനുള്ള വർക്കിന് ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വർക്കിന്റെ ഭരണാനുമതി നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത മേഖലയിലെ തീരസംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി ആന്റ് ഡി) തീരദേശ സംരക്ഷണത്തിനായി പെരുമ്പള്ളിയിൽ, ആറാട്ടുപുഴ പഞ്ചായത്തിൽ ചെയിനേജ് 49.50 മുതൽ 50 കി.മീറ്റർ വരെ 500 മീറ്റർ നീളത്തിൽ കടൽഭിത്തി പുനർനിർമ്മിക്കുന്നതിന് 91 ലക്ഷം രൂപ മതിപ്പ് ചെലവ് വരുന്ന ഒരു എസ്റ്റിമേറ്റിനും തറയിൽ കടവിൽ ചെയിനേജ് 50 മുതൽ 51.500 കി. മീറ്റർ വരെ 1500 മീറ്റർ കടൽഭിത്തി നവീകരിക്കുന്നതിന് 275 ലക്ഷം രൂപ മതിപ്പ് ചെലവ് വരുന്ന ഒരു എസ്റ്റിമേറ്റിനും ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

തറയിൽ കടവിൽ 51.225 മുതൽ 51.500 കി.മീറ്റർ വരെ 275 മീറ്റർ നീളത്തിൽ 50 ലക്ഷം രൂപയ്ക്കുള്ള ഒരു പ്രവൃത്തി 11-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും പ്രസ്തുത റീച്ചിലെ പണികൾ ടെണ്ടർ ചെയ്യുകയും ഉണ്ടായി. 51.500 മുതൽ 52.000 കി.മീറ്റർ വരെ 500 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനുള്ള പ്രവൃത്തി 81.50 ലക്ഷം രൂപയ്ക്ക് ടെണ്ടർ ചെയ്തിട്ടുണ്ട്. ഇതിനുപുറമെ രാമഞ്ചേരിയിൽ 200 മീറ്റർ നീളത്തിലും ആറാട്ടുപുഴ ജംഗ്ഷനിൽ 160 മീറ്റർ നീളത്തിലും നല്ലാനിക്കൽ 70 മീറ്റർ നീളത്തിലും പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്.

തൃക്കുന്നപ്പുഴയിൽ ചെയിനേജ് 63.400 മുതൽ 63.500 കി. മീറ്റർ വരെയും 61.280 മുതൽ 61.380 കി. മീറ്റർ വരെയുമുള്ള കടൽ ഭിത്തിയുടെ പണികൾ തുടങ്ങിയിട്ടുണ്ട്. മുദക്കൽ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന് സമീപം ചെയിനേജ് 62.425 മുതൽ 65.500 വരെയുള്ള കടൽഭിത്തിയുടെ സംരക്ഷണ പ്രവൃത്തിക്ക് ലഭിച്ച ദർഘാസിന് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ തൃക്കുന്നപ്പുഴയിൽ 61.390 മുതൽ 61.465 വരെ കടൽഭിത്തിയുടെ പുനഃരുദ്ധാരണ പണികൾക്ക് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

11-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി തൃക്കുന്നപ്പുഴയിൽ ചെയിനേജ് 63.500 മുതൽ 63.540 വരെയും, 64.500 മുതൽ 64.600 വരെയും, 64.800 മുതൽ 64.860 വരെയും, 65.000 മുതൽ 65.240 വരെയും 9 പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

കേരളത്തിൽ രൂക്ഷമായി കടലാക്രമണം അനുഭവപ്പെടുന്ന 52 കി.മീ. നീളത്തിൽ പുതിയ കടൽഭിത്തി കെട്ടാനും 59 കി.മീ. നീളത്തിൽ കടൽഭിത്തി പുനഃരുദ്ധാരണത്തിനും വേണ്ടി 216.96 കോടി രൂപ മതിപ്പുചെലവ് വരുന്ന ഒരു പ്രോജക്റ്റ് റിപ്പോർട്ട് നാഷണൽ കോസ്റ്റൽ പ്രൊട്ടക്ഷൻ പ്രോജക്റ്റിൽ ഉൾപ്പെടുത്തി കേന്ദ്ര സഹായം ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ തൃക്കുന്നപ്പുഴ, പല്ലന എന്നീ സ്ഥലങ്ങളിൽ 1 കി.മീ. നീളത്തിൽ പുനരുദ്ധാരണ പണികളും നല്ലാനിക്കൽ രാമഞ്ചേരി, മംഗലം എന്നീ സ്ഥലങ്ങളിൽ 4 കി.മീ. നീളത്തിൽ പുനഃരുദ്ധാരണ പണികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

2/198/2013—16.

LIBRARY ARCHIVES Kerala Legislative Assembly